"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

**ജലവിഭവ വകുപ്പ് - കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി- 2025-26 സാമ്പത്തിക വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെട്ട "ഗവേഷണവും - വികസനവും" എന്ന പദ്ധതി നടത്തിപ്പ് - ഭരണാനുമതി നൽകുന്നത്- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ജലവിഭവ (ജലവിതരണ ബി) വകുപ്പ്**

സ.ഉ.(സാധാ) നം.996/2025/WRD തീയതി,തിരുവനന്തപുരം, 17-12-2025

---

പരാമർശം:-
1. 13.05.2025 ലെ സർക്കാർ ഉത്തരവ് G.O.(Rt)No.457/2025/WRD
2. ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.10.2025 തീയതിയിലെ KRWSA-PMU/54/2025-TA (Tech) നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്തിൽ Non-Revenue Water (NRW) വിഷയത്തെ സംബന്ധിച്ച് പഠനം നടത്തുന്നതിനു വേണ്ടി 2024-25 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയായ "ഗവേഷണവും -വികസനവും" എന്ന വിഷയത്തിൽ ഉൾപ്പെടുത്തി 4215-01102-90 (P) ശീർഷകത്തിൽ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം 3 ലക്ഷം രൂപ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്യുകയുണ്ടായി.

2. ആറ് പഞ്ചായത്തുകളിൽ ജലജീവൻ മിഷൻ പദ്ധതി ജോലികൾ 50% മുതൽ 90% വരെ പൂർത്തിയാക്കിയത് പരിഗണിച്ചും, ഏറ്റവും കൂടുതൽ പുരോഗതി കൈവരിച്ച പഞ്ചായത്തെന്ന നിലയിലുമാണ് വെള്ളാങ്കല്ലൂരിനെ ആദ്യം തിരഞ്ഞെടുത്തതെന്നും എന്നാൽ ഭരണാനുമതി ലഭിക്കുമ്പോഴേക്കും, വെള്ളാങ്കല്ലൂർ പഞ്ചായത്തിലെ SLEC, ലഭ്യമായ തനത് ഫണ്ട് ഉപയോഗിച്ച് ഒരു ടെക്നിക്കൽ ടീമിന്റെ സഹായത്തോടെ NRW പ്രശ്നം പരിഹരിക്കാനുള്ള നടപടികൾ തുടങ്ങിയെന്നും നിലവിൽ 50% ത്തോളം ഹൗസ് കണക്ഷനുകൾ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നതിനാൽ വെള്ളാങ്കല്ലൂർ പഞ്ചായത്തിൽ പഠനത്തിന്റെ ആവശ്യം കുറഞ്ഞതായും മൂന്ന് മാസത്തിനകം ബാക്കി പരിശോധനകൾ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് അറിയിക്കുകയും NRW നിരക്ക് 70% മുതൽ 80% വരെയുള്ള കേരള വാട്ടർ അതോറിറ്റിയ്ക്ക് ഏറ്റവും കൂടുതൽ കുടിശ്ശിക തുക നല്കാനുള്ളത് മാള ഗ്രാമ പഞ്ചായത്താണെന്നും ആയതിനാൽ വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്തിനു 3 ലക്ഷം രൂപ അനുവദിച്ച ഉത്തരവിൽ ഭേദഗതി വരുത്തി മാള ഗ്രാമ പഞ്ചായത്തിന് അനുവദിച്ചുകൊണ്ട് ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം എക്സിക്യൂട്ടീവ്

ഡയറക്ടർ ആവശ്യപ്പെട്ടുകയുണ്ടായി..

3. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും NRW വിഷയത്തെ സംബന്ധിച്ച് പഠനം നടത്തുന്നതിനു വേണ്ടി പരാമർശം (1) ഉത്തരവ് പ്രകാരം വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്തിനു അനുവദിച്ച 3 ലക്ഷം രൂപ മാള ഗ്രാമ പഞ്ചായത്തിന് Non-Revenue Water (NRW) വിഷയത്തെ സംബന്ധിച്ച് പഠനം നടത്തുന്നതിനു വേണ്ടി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമ ർശം (1) സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടുകൂടി നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

To,

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധി, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ്.
4. ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
5. ഡയറക്ടർ, ഐ&പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Khadeeja Alungal
Date: 18-12-2025 11:00:03
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസിന്
ജലവിഭവ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ് -ന്